# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. *189** — **23.03.2012 ലെ മറുപടിക്ക്**

### പഞ്ചായത്തുകൾ വഴിയുള്ള സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ:<br>ഡോ.എൻ. ജയരാജ്:<br>ശ്രീ.പി.സി. ജോർജ്: | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി ) |
| (എ) സംസ്ഥാനത്ത് പഞ്ചായത്തുകൾ വഴി ലഭിക്കുന്ന സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പുതിയ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) ഗ്രാമ പഞ്ചായത്തുകൾ വഴിയുള്ള സേവനങ്ങളെക്കുറിച്ച് പൗരൻമാരെ ബോധവാൻമാരാക്കുന്നതിന് എല്ലാ ഗ്രാമ പഞ്ചായത്തുകളിലും വകുപ്പ് തലത്തിലും പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപേക്ഷകർക്ക് സേവനം യഥാസമയം നൽകുന്നതിനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുമായി എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഫ്രണ്ട് ആഫീസ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് സേവനം പ്രദാനം ചെയ്യുന്നതിന് പഞ്ചായത്ത് ഓഫീസുകളിൽ നിന്നും ലഭ്യമാക്കുന്ന സേവനങ്ങളെ സംബന്ധിച്ചും സമയക്രമം സംബന്ധിച്ചും പഞ്ചായത്തു വകുപ്പിൽ കേരള സംസ്ഥാന സേവനാവകാശ നിയമം നടപ്പിലാക്കുന്നതിനു ള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. പൊതുജനങ്ങൾക്ക് വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് വേഗത്തിലും കൃത്യതയിലും സേവനം പ്രദാനം ചെയ്യുന്നതിന് ഇൻഫർമേഷൻ കേരള മിഷന്റെ |

ആഭിമുഖ്യത്തിൽ വികസിപ്പിച്ചിട്ടുള്ള സോഫ്റ്റ് വെയറുകൾ ഉപയോഗിച്ചുള്ള കമ്പ്യൂട്ടർവൽക്കരണം നടന്നു വരികയാണ്. ഗ്രാമ പഞ്ചായത്തുകളിൽ യഥാസമയം ജനങ്ങൾക്ക് സേവനം നൽകുന്നതിന് ജീവനക്കാർ കുറവാണെന്ന് കണ്ടെത്തി യിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ എന്നിവരുൾപ്പെട്ട രണ്ടംഗ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

(ബി) നിലവിൽ പഞ്ചായത്തുകൾ വഴി വിവിധ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(ബി) വിവിധ സർട്ടിഫിക്കറ്റുകൾക്കായുള്ള അപേക്ഷകൾ സ്വീകരിക്കുന്നതും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതും ഗ്രാമ പഞ്ചായത്തുകളിൽ ഏർപ്പെടുത്തിയിരിക്കുന്ന ഫ്രണ്ട് ആഫീസ് സംവിധാനത്തിലൂടെയാണ്. ആദ്യം വരുന്നവർക്കാദ്യം എന്ന രീതിയിൽ അപേക്ഷകർക്ക് നേരിട്ടും, തപാൽ മുഖേനയും സർട്ടിഫിക്കറ്റുകൾ നൽകിവരുന്നു.

(സി) പഞ്ചായത്തുകളിൽ നിന്ന് ലഭിക്കുന്ന സർട്ടിഫിക്കറ്റുകളിൽ അപേക്ഷകന്റെ ഭാഗത്തു നിന്ന് ഉണ്ടായിട്ടുള്ള പിഴവുമൂലം കടന്നു കൂടിയിട്ടുള്ള പിശക് തിരുത്തി നല്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(സി) അപേക്ഷകന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുള്ള പിഴവുമൂലം കടന്നു കൂടിയിട്ടുള്ള പിശക് നേരിട്ടോ, ഫോൺ മുഖേനയോ/ തപാൽ മുഖേനയോ ജനപ്രതിനിധികൾ / പൊതു പ്രവർത്തകർ മുഖേനയോ അപേക്ഷകനെ അറിയിച്ച് പ്രസ്തുത പിശക് പരിഹരിക്കുന്ന രീതി ഗ്രാമ പഞ്ചായത്തുകളിൽ അവലംബിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ഡി) | പഞ്ചായത്തുകൾ വഴിയുള്ള സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിന് അടുത്ത സാമ്പത്തിക വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പരിഷ്ക്കാരങ്ങൾ എന്തെല്ലാമാണ് ? | (ഡി) | ഗ്രാമ പഞ്ചായത്തുകൾ വഴിയുള്ള സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുക, ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുക, സേവനാവകാശ നിയമം നടപ്പിലാക്കുക, എല്ലാ ഗ്രാമ പഞ്ചായത്തുകളിലും കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുക, ഫ്രണ്ട് ആഫീസ് സംവിധാനം ശക്തിപ്പെടുത്തുക എന്നിവയാണ് പഞ്ചായത്തുകൾ വഴിയുള്ള സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പരിഷ്ക്കാരങ്ങൾ. |

**സെക്ഷൻ ഓഫീസർ**